## ബാർ ലൈസൻസുകൾ

72 (470) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ബാർ ലൈസൻസുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട് ; അതിൽ ഹോൾസെയിൽ എത്ര ; റീട്ടെയിൽ എത്ര ;

(ബി) ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ആകെ എത്ര സംഖ്യയുടേത് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന വിദേശമദ്യത്തിൽ എത്ര ശതമാനം സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 459 ബാർ ലൈസൻസുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ 3 ബാർ ലൈസൻസുകൾ കൂടി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ ലൈസൻസുകൾ എല്ലാം തന്നെ റീട്ടെയിൽ ആണ്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 54 |
| കൊല്ലം | 35 |
| പത്തനംതിട്ട | 15 |
| ആലപ്പുഴ | 18 |
| കോട്ടയം | 50 |
| എറണാകുളം | 115 |
| ഇടുക്കി | 24 |
| തൃശ്ശൂർ | 77 |
| പാലക്കാട് | 15 |
| മലപ്പുറം | 17 |
| കോഴിക്കോട് | 14 |
| വയനാട് | 9 |
| കണ്ണൂർ | 13 |
| കാസർഗോഡ് | 3 |
| | 459 |

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ വയനാട് ജില്ലയിലെ കബനി ബാർ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കൂടാതെ കോട്ടയം ജില്ലയിൽ രണ്ടു ബാറിനും തൃശ്ശൂർ ജില്ലയിൽ ഒരു ബാറിനും ലൈസൻസുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇവ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) 1999-2000 വർഷത്തിൽ ആകെ 618.55 കോടി രൂപയുടെ ഇൻഡ്യൻ നിർമ്മിത വിദേശമദ്യവും 57.7 കോടി രൂപയുടെ ബിയറും സംസ്ഥാനത്ത് വിഴിക്കപ്പെട്ടിട്ടുണ്ട്.

(ഡി) കണക്കാക്കപ്പെട്ടിട്ടില്ല.

## കിസ്തു കുടിശ്ശിക ഇളവുകൾ

73 (471) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രകോടി രൂപയുടെ കിസ്ത് കുടിശ്ശിക ഇളവുകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) 2000-2001 വർഷത്തിൽ ഈ ഇനത്തിൽ എത്ര കോടി രൂപയുടെ ഇളവുകൾ അനുവദിക്കുകയുണ്ടായി ;

(സി) ആർക്കൊക്കെയാണ് ഈ ഇളവുകൾ അനുവദിച്ചത് ; വിശദീകരിക്കാമോ ;

(ഡി) ഇളവുകൾ അനുവദിക്കാനുള്ള കാരണം വ്യക്തമാക്കാമോ ?

### ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## എക്സൈസ് വകുപ്പ് പുനഃസംഘടിപ്പിക്കാൻ നടപടി

74 (472) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എക്സൈസ് വകുപ്പ് പുനഃസംഘടിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly